സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

2024–25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മക്കൾക്ക് ഉന്നത വിജയത്തിന് പ്രോത്സാഹന സമ്മാനം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 66/24/Est-I** നന്തൻകോട്, **06/11/2024**

---

പരാമർശം :– (1) ഈ ആഫീസിലെ 21–08–2024 ലെ മേൽ നമ്പർ ഉത്തരവ്.

(2) ആ ആഫീസിലെ 15–10–2024 ലെ 80/24/CA-1 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവുപ്രകാരം സംസ്ഥാന/അന്തർ സംസ്ഥാന കലാ–കായിക മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്ക് പ്രോത്സാഹന സമ്മാനം നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 1, 2, 3 സ്ഥാനങ്ങൾ നൽകുന്നില്ലായെന്നും പകരം മികവിന്റെ അടിസ്ഥാനത്തിൽ A, B, C ഗ്രേഡുകളാണ് നൽകിവരുന്നതെന്നും ആയതിനാൽ സ്കൂൾ കലോത്സവത്തിൽ A ഗ്രേഡ് ലഭിച്ച ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മക്കൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നത് സംബന്ധിച്ച് ഉത്തരവിനായി സാംസ്ക്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം –2).

ടി വിഷയം ബോർഡ് പരിശോധിച്ചു.

സാംസ്ക്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് സ്കൂൾ കലോത്സവത്തിൽ A ഗ്രേഡ് ലഭിച്ച ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മക്കൾക്കും പ്രോത്സാഹന സമ്മാനം നൽകുന്നതിന് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :–

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
3. ബഹു: മെമ്പറുടെ പേഴ്സണൽ സെക്രട്ടറി
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.
7. ഐ.ടി. സെക്ഷൻ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി